മുഖ്യമന്ത്രി (ശ്രീ. ഇ. കെ .നായനാർ): സ്പീക്കർ സർ, നെയ്യാറ്റിൻകര എസ്.എൻ.ഡി.പി. താലൂക്ക് യൂണിയൻ മന്ദിരം
10 A.M] ഹാളിന്മുൻവശത്തുള്ള ശ്രീനാരായണ ഗുരുവിന്റെ പ്രതിമ സ്ഥാപിച്ചിരുന്ന ക്യാബിന്റെ മുൻവശത്തെ ഗ്ലാസ്സ് 17-2-2000-ന് രാത്രിയിൽ ആരോ പൊട്ടിച്ച് നാശനഷ്ടമുണ്ടാക്കിയതായി അറിയുന്നു. ഗുരുദേവ പ്രതിമയ്ക്ക് കേടുപാടൊന്നും സംഭവിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഇത് സംബന്ധിച്ച് ക്രൈം 67/2000 നമ്പരായി നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫോറൻസിക് വിദഗ്ധരെ വരുത്തുകയും പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകര ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ നെയ്യാറ്റിൻകര, ആര്യനാട് സർക്കിൾ ഇൻസ്പെക്ടർമാരുൾപ്പെട്ട പ്രത്യേക ടീം പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടത്തിയിട്ടുണ്ട്. പ്രതികളെ കണ്ടുപിടിച്ച് അറസ്റ്റ് ചെയ്യാനും കേസ്സന്വേഷണം ത്വരിതപ്പെടുത്തുവാനും ഡി.ജി.പി.ക്ക് പ്രത്യേകം നിർദ്ദേശം നൽകിയിരിക്കുകയാണ്.

(2) ചാവക്കാട് പ്രദേശത്തെ ആർ.എസ്.എസ്. ആക്രമണം

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചാവക്കാട് പ്രദേശത്ത് ഈ മാസം 19-ാം തീയതി യാതൊരു പ്രകോപനവുമില്ലാതെ ആർ.എസ്.എസ്.കാർ നടത്തിയ അതിപൈശാചികമായ ആക്രമണത്തെ ഈ സഭയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ചാവക്കാട്, മുല്ലപ്പറ, വടയപ്പറമ്പ് ഭാഗത്ത് റോഡ് സൈഡിലുണ്ടായിരുന്ന സി.പി.എം.ന്റെ സ്മാരകസ്തംഭം ആർ.എസ്.എസ്കാർ തകർക്കുകയുണ്ടായി. ഇതിൽ പ്രതിഷേധിച്ച് സി.പി.എം പ്രവർത്തകർ നടത്തിയ പ്രതിഷേധ പ്രകടനത്തിൽ ആർ.എസ്.എസ്.കാരനായ ഒരു ഓട്ടോറിക്ഷാ ഡ്രൈവർ മനപ്പൂർവ്വം ഓട്ടോറിക്ഷ ജാഥയിലേയ്ക്ക് കയറ്റി. പോലീസ് ഉചിതമായി ഇടപ്പെട്ടതുമൂലം അനിഷ്ട സംഭങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞു. ജാഥ പിരിഞ്ഞുപോയി ഏതാനും നിമിഷങ്ങൾക്കകം നൂറോളം വരുന്ന ആർ.എസ്.എസ്. പ്രവർത്തകൻമാർ മാരകായുധങ്ങളുമായി (വാളും, ദണ്ഡു-മായി) വന്ന് ആക്രമിക്കപ്പെടുകയും സി.പി.എം പ്രവർത്തകനായ ജയരാജന്റെ വീട് തകർത്തിനുശേഷം ചന്ദ്രന്റെ പെട്ടിക്കട തകർക്കുകയും അതുവഴി വന്ന ബസ്സിന്റെ ചില്ലുകൾ തകർക്കുകയും ചെയ്തു. ആർ. എസ്. എസ് പ്രവർത്തകർ കൗൺസിലറായ സുരേഷിന്റെ അച്ഛൻ വിശ്വനാഥനെ ആക്രമിക്കുകയും അടിച്ചവശനാക്കുകയും ചെയ്തു. അവിടെനിന്നും നീങ്ങിയ ഈ ഫാസിസ്റ്റ് സംഘം മുല്ലത്തറ സി.ഐ.റ്റി.യു. ആഫീസ് ആക്രമിച്ചു. ജോലി കഴിഞ്ഞെത്തിയ തൊഴിലാളികളെ തലങ്ങും വിലങ്ങും വെട്ടി. ലോറി തൊഴിലാളികളേയും വിട്ടില്ല. ബാലൻ, ഭാസ്ക്കരൻ എന്നിവർക്ക് സാരമായ പരിക്കേറ്റു. സി.പി.എം, എൽ.സി. മെമ്പറായ സുരേഷിന്റെ കട അവർ അടിച്ചുതകർത്തു. ജീവനക്കാരെ അടിച്ചോടിച്ചു. ഉപകരണങ്ങൾ പുറത്തേയ്ക്ക് വലിച്ചെറിഞ്ഞു. അടുത്ത ഹോട്ടലിലെ ലൈറ്റല്ലാം തകർത്തു. ഇതിനിടയിൽ ഗുരുവായൂർ ക്ഷേത്രത്തിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വെള്ളമെടുക്കാൻ പോയ ലോറി തകർത്തു. ഇത്രയും ഭീകരമായ ഒരു ചിത്രം ചാവക്കാട് പ്രദേശത്ത് ഇതിനു മുമ്പുണ്ടായിട്ടില്ല. അത്രയ്ക്ക് പൈശാചികമായ ആക്രമണമാണ് നടന്നത്. നൂറോളം ആളുകൾ ചേർന്നാണ് ആക്രമണം നടത്തിയത്. വളരെ ഭീകരമായ അവസ്ഥയാണ് ചാവക്കാട് പ്രദേശത്ത് നിലനിൽക്കുന്നത്. ആർ.എസ്.എസ് പ്രവർത്തകർ വളരെ പ്ലാൻഡായി വളരെ വേഗതയിലാണ് ഒരു പ്രകോപനവുമില്ലാതിരുന്ന പ്രദേശത്ത് ആക്രമണം നടത്തിയത്. അവിടെ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് കോൺഗ്രസ്സുകാരും ചെറിയ തോതിലുള്ള ആക്രമണങ്ങൾ നടത്തിയിരുന്നു. കോൺഗ്രസ്സുകാരും ആർ.എസ്എസ്.കാരും കൂടി ചെയ്യുന്ന പ്രവർത്തികളാണിത്. കോൺഗ്രസ്സുകാർ അതിന് പിൻതുണ നൽകുകയാണ് (ബഹളം).....(ബഹളം)..... നാട്ടുകാർക്ക് അവിടെ ജീവിക്കാൻ സാധിക്കേണ്ടേ. ആർ. എസ്. എസും, കോൺഗ്രസ്സും ഒന്നാണ്. ഇതിൽ നടപടികളുണ്ടാകണം. നാട്ടിൽ സാമധാനമുണ്ടാകണം. കോൺഗ്രസ് ഇതിനെ ശക്തമായി അപലപിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തൃശ്ശൂരിലെ ചാവക്കാട് സി.പി.എം.ന്റെ കൊടിതോരണങ്ങളും സ്തൂപവും 17-2-2000ന് ആർ.എസ്.എസ്., ബി.ജെ.പി.പ്രവർത്തകർ നശിപ്പിച്ചു. ഇതിൽ പ്രതിഷേധിച്ച് 19-2-2000 -ന് വൈകിട്ട് സി.പി.എം.പ്രവർത്തകർ പ്രതിഷേധ പ്രകടനം നടത്തി. പ്രകടനത്തിനിടയിലേയ്ക്ക് ബി.ജെ.പി. പ്രവർത്തകനായ മനോജ് ഓട്ടോറിക്ഷ ഓടിച്ചു കയറ്റി. അതിനെത്തുടർന്ന് വാക്കുതർക്കവും പിടിയും വലിയുമുണ്ടായതിനെത്തുടർന്ന് ആർ.എസ്.എസ്. പ്രവർത്തകർ വടി, ദണ്ഡ് മുതലായവ കൊണ്ട് മുല്ലത്തറയിലും പ്ലാങ്ങാട്ടും ആക്രമണം നടത്തി. സി.ഐ.റ്റി.യു. പ്രവർത്തകരായ ബാലൻ, ഭാസ്ക്കരൻ, മോഹനൻ എന്നിവർക്കും അവിടെയുണ്ടായിരുന്ന ലോറി ഡ്രൈവർ പ്രമോദിനും ക്ളീനർ ജോഷിക്കും പരിക്കുപറ്റി. ഇതിലേയ്ക്ക് ചാവക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. കേസിൽ പ്രതികളായ മൂന്ന് ബി.ജെ.പി. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സ്ഥലത്ത് ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ സമാധാന ജീവിതം തകർക്കുന്ന നിലയിലുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കും. ചാവക്കാട് പ്രദേശത്തും സമാധാനം ഉറപ്പുവരുത്തുന്നതിനു വേണ്ടി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ തൃശ്ശൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലത്ത് പോലീസ് ആക്റ്റനുസരിച്ച് നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(3) ചങ്ങനാശ്ശേരി എസ്.ബി.കോളേജിലെ വിദ്യാർത്ഥികളെ ആക്രമിച്ചത് സംബന്ധിച്ച്

ശ്രീ. സി. എഫ്. തോമസ് : സർ, ചങ്ങനാശ്ശേരി എസ്.ബി.കോളേജ് ഈ സംസ്ഥാനത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ആക്രമണത്തിനും എസ്. എഫ്.ഐ.യുടെ ആക്രമണത്തിനും നിരന്തരമായി വിധേയമായിട്ടുള്ളതാണ്. 1998 ഒക്ടോബർ മാസം എസ്.ബി.കോളേജിൽ നടന്ന സമരം എസ്.എഫ്.ഐ. സംഘടിതമായി അവരുടെ ശക്തിയുപയോഗിച്ച് നടത്തിയ സമരമാണ്. അതിനെ

LIBRARY ARCHIVES Kerala Legislative Assembly